പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **226**

04.02.2013 ൽ മറുപടിയ്ക്ക്

**രാഷ്ട്രീയ പ്രതിയോഗികളുടെ കൊലപാതകത്തെ പറ്റിയുള്ള വെളിപ്പെടുത്തൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" അൻവർ സാദത്ത്<br>" ഐ.സി. ബാലകൃഷ്ണൻ<br>" ഷാഫി പറമ്പിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) സി.പി.ഐ.എം.ന്റെ മുൻ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. എം.എം.മണി 25.05.2012ൽ മണക്കാട് എന്ന സ്ഥലത്ത് നടത്തിയ പ്രസംഗത്തിൽ രാഷ്ട്രീയ പ്രതിയോഗികളെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തി എന്നും മറ്റും വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1196/2012 u/s 302, 109, 118 ഐ.പി.സി. പ്രകാരം 28.05.2012-ൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ് പ്രത്യേക അന്വേഷണ സംഘത്തിനെ ഏൽപ്പിച്ചിട്ടുള്ളതും അന്വേഷണത്തിൽ ഈ കേസിലെ കുറ്റങ്ങൾ 109 of 302, 118 of 302, 116, 117, 505 (1)(b) IPC & 117 (E) of Kerala Police Act 2011 ആയി മാറ്റി തുടരന്വേഷണം നടത്തി വരികയുമാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകൾ പുന:പരിശോധിക്കുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ; | (ബി) ശ്രീ. എം.എം.മണിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1196/12 ന് പുറമേ രാഷ്ട്രീയ വിരോധികളെ വകവരുത്തിയതിന് |

ശാന്തമ്പാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 118/82 (അഞ്ചേരി ബേബി വധം) രാജാക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 2/83 (മുള്ളൻചിറ മത്തായിയെ കൊലപ്പെടുത്തിയത്) ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 65/83 (മുട്ടുകാട് നാണപ്പൻ കൊല ക്കേസ്), പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/04 (ബാലു വധക്കേസ്) എന്നീ കേസുകൾ പുനരന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും കോടതി അനുവാദത്തെ തുടർന്ന് 118/82, 65/83, 2/83 എന്നീ നമ്പർ ക്രൈം കേസുകൾ പുനരന്വേഷണം നടത്തി വരുന്നതും ക്രൈം നമ്പർ 206/04 എന്ന കേസിന്റെ പുനരന്വേഷണം അനുവദിക്കണമെന്നുള്ള അപേക്ഷ ബഹു. കേരള ഹൈക്കോടതി യുടെ പരിഗണനയിലുമാണ്.

(സി) ഇത്തരം കേസുകളിൽ, ആരെ യെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 118/82 (അഞ്ചേരി ബേബി വധം) എന്ന നമ്പർ കേസിലേക്ക് സി.പി.എം. മുൻ ജില്ലാ സെക്രട്ടറി ശ്രീ. എം.എം.മണി, ഒ.ജി. മദനൻ, കൈനകരി കുട്ടൻ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതാണ്. ടി മൂന്നുപേരും ഇപ്പോൾ ജാമ്യത്തിലാണ്.

(ഡി) കൊലപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

(ഡി) കൊലപട്ടികയിൽ ഉൾപ്പെട്ടവരും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായവർ സംരക്ഷണം ആവശ്യപ്പെട്ടാൽ പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ